II. ശ്രദ്ധക്ഷണിക്കൽ

നാഷണൽ ഹൈവേയിൽ വളാഞ്ചേരിക്കടുത്തുള്ള വട്ടപ്പാറയിലെ അപകടാവസ്ഥ

ശ്രീ. യു. എ. ബീരാൻ: മലപ്പുറം ജില്ലയിൽക്കൂടി കടന്നുപോകുന്ന ഹൈവേയിൽ വളാഞ്ചേരിക്കടുത്തുള്ള വട്ടപ്പാറ എന്ന സ്ഥലത്തെ അപകടകരമായ പരിതഃസ്ഥിതിയെക്കുറിച്ച് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. 1970 മുതൽ 1979 ഒക്ടോബർവരേക്കും അവിടെ 118 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 58 പേർ മരണമടയുകയും ആയിരത്തിൽപ്പരം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൊണ്ടുതന്നെ ഈ പ്രത്യേക സ്ഥലത്തിന്റെ ഗൗരവസ്ഥിതിയെസംബന്ധിച്ച് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

സർ, ഈ കഴിഞ്ഞ 27-ാം തീയതി, മിനിഞ്ഞാന്ന് അവിടെ വീണ്ടും ഒരു അപകടം ഉണ്ടായി. ആ അപകടത്തിൽ നാലുപേർ മരണപ്പെട്ടു. 70-ലധികം ആളുകൾക്ക് പരിക്കു പറ്റിയിട്ടുണ്ട്. അതുപോലെതന്നെ ഇതിനുമുമ്പ് 1978 ഡിസംബർ 23-ാം തീയതി ഇപ്രകാരം ഒരു അപകടം അവിടെ ഉണ്ടായപ്പോൾ അതിനെതിരായി സമാധാനപരമായി പ്രതിഷേധപ്രകടനം നടത്തിയ ജനങ്ങളുടെനേർക്ക് അന്ന് പോലീസ് ഭീകരമായി ലാത്തിച്ചാർജ്ജ് നടത്തി. നൂറിലധികം ആളുകൾക്ക് പരിക്കുപറ്റി. കളക്ടർ ഇടപെട്ട് ഉറപ്പുനൽകി, മൂന്നുമാസത്തിനകം എന്തെങ്കിലും പരിഹാരനടപടി എടുക്കാമെന്ന്. ആ ഉറപ്പ് ഇതുവരെ പാലിച്ചിട്ടില്ല, കാലം കഴിഞ്ഞുപോയി. ഇപ്പോൾ നാഷണൽ ഹൈവേ അധികൃതർ അവിടെ ഒരു ഡൈവർഷൻ ഉണ്ടാക്കിക്കൊണ്ട് സംരക്ഷണനടപടികൾ എടുക്കണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിലും അതിനുള്ള ഫയലുകൾ ഡെൽഹിയിലും തിരുവനന്തപുരത്തുമായി കളിക്കുകയാണ്. ഈ കളി അവസാനിപ്പിക്കണം. വട്ടപ്പാറയിൽ അധികൃതരുടെ ഈ അനങ്ങാപ്പാറനയം അവസാനിപ്പിക്കേണ്ടതാണ്. ഇതിനെസംബന്ധിച്ച് കൊടുത്തിട്ടുള്ള എല്ലാ നിവേദനങ്ങളും വനരോദനമായി കലാശിക്കുകയാണ്. ഇത് മാറ്റിയില്ലെങ്കിൽ കൂടുതൽ അപകടങ്ങളുണ്ടാകും.

അതുപോലെതന്നെ എടരിക്കോടിനടുത്ത കോഴിച്ചെന എന്ന സ്ഥലത്തും ഇതുമാതിരിതന്നെ 90 ഡിഗ്രിയുള്ള ഒരു വളവുണ്ട്. ഇതും വളരെ അപകടകരമാണ്. ധാരാളം അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. അവിടെയുള്ള വീടുകൾക്കുവരെ കേടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതും തീർക്കേണ്ടതാണ്. ഇതിനെസംബന്ധിച്ചിടത്തോളം സത്വരനടപടികൾ സ്വീകരിക്കണമെന്നും വാഹന അപകടത്തിൽപ്പെട്ടിട്ടുള്ള ആളുകൾക്ക് സഹായം നൽകുന്നതിന് നാഷണൽ ഹൈവേ അധികൃതരെക്കൊണ്ട് കാര്യമായി എന്തെങ്കിലും ചെയ്യിക്കണമെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്.

വട്ടപ്പാറയിൽ നേരിട്ടുള്ള ഡൈവർഷനായി എടുക്കാം, അല്ലാത്തപക്ഷം കഞ്ഞിപ്പുര-മൂടാൽവഴിയാക്കി നിവർത്തിയെടുക്കാം. ഇതൊന്നും ചെയ്തില്ലെങ്കിൽ ഇവിടെ ഇനിയും അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങൾ ഉടനടി ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എന്റെ നിയോജകമണ്ഡലംകൂടിയാണെന്ന് ഞാൻ കൂട്ടിച്ചേർക്കുകയാണ്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, നാഷണൽ ഹൈവേ ഒരു സെൻട്രൽ സെക്ടർ സ്കീമാണ്. ഈ സ്കീമിലെ എല്ലാ ജോലികളും കേന്ദ്രഗവൺമെന്റിന്റെ സാങ്കേതികവും സാമ്പത്തികവുമായ അംഗീകാരത്തിനു വിധേയമായി മാത്രമേ നടത്താൻ സാധിക്കുകയുള്ളു. സർ, കേന്ദ്രഗവൺമെന്റിന്റെ ഒരു ഏജൻസിയെന്നുള്ള നിലയിലാണ് സംസ്ഥാനഗവൺമെന്റ് ഈ നാഷണൽ ഹൈവേയുടെ പ്രവർത്തനങ്ങളെല്ലാംതന്നെ നടത്തിവരുന്നത്. മലപ്പുറം ജില്ലയിലെ വട്ടപ്പാറ എന്ന സ്ഥലത്ത് കഴിഞ്ഞ കുറേ ദിവസങ്ങൾക്കുമുമ്പ് ഉണ്ടായ ദൗർഭാഗ്യകരമായ, നാലുപേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ ഗവൺമെന്റിന് വളരെയധികം ദുഃഖമുണ്ട്. ഈ സ്ഥലത്തുള്ള വളവുകൾ തീർത്ത് ഗതാഗതം സുരക്ഷിതമാക്കുന്നതിനു വേണ്ടി രണ്ടുലക്ഷത്തിമുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി അൻപതു രൂപയുടെ ഒരു എസ്റ്റിമേറ്റ് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ ഡയറക്ടർ ജനറലിനോട് എസ്റ്റിമേറ്റിന് ഏറ്റവും വേഗത്തിൽത്തന്നെ അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. പക്ഷേ അംഗീകാരം ഇതുവരെ ലഭിക്കുകയുണ്ടായില്ല. ഗവൺമെന്റ് അംഗീകാരത്തിനുവേണ്ടി വീണ്ടും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ പ്രസ്തുത അംഗീകാരം കിട്ടുന്നതുവരേക്കും, അനുമതി കിട്ടാതെതന്നെ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രവൃത്തി ഉടനടി ആരംഭിക്കാൻവേണ്ടി തൃശ്ശൂർ സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രവൃത്തി ഏറ്റവും വേഗത്തിൽ ആരംഭിക്കുമെന്ന കാര്യത്തിൽ ഉറപ്പുനൽകാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അവിടെ പ്രസ്തുത റോഡിന്റെ ഒരുഭാഗത്തു കുന്നും മറുഭാഗത്ത് കുഴിയുമാണ്. ആ കുഴിയുള്ള പ്രദേശത്ത് റീട്ടെയിനിംഗ്വാൾ കെട്ടി മണ്ണിട്ട് നികത്താനും കുന്നുള്ള ഭാഗത്തുനിന്ന് മണ്ണെടുത്ത് റോഡിന്റെ വളവുകൾ തീർക്കാനുമുള്ള ഇടപാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. അവിടെ ഏറ്റവും വേഗത്തിൽതന്നെ ഈ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. അതുപോലെതന്നെ ഇവിടെ ശ്രീ. ബീരാൻ ഉന്നയിച്ചതായ കോഴിച്ചെന എന്ന സ്ഥലം നന്നാക്കാനുള്ള പ്രവൃത്തിയും ഉടനടി ആരംഭിക്കണമെന്ന നിർദ്ദേശവും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കൊടുത്തിട്ടുണ്ട്. ഈ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് കഴിവിന്റെ പരമാവധി ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

III. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. 1979 ജൂലായ് 12-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 382/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 916/79).
2. 1979 ജൂലായ് 12-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 381/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 915/79).
3. 1979 ജൂലായ് 31-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 430/79/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 947/79).

LIBRARY ARCHIVES Kerala Legislative Assembly